അവൾ / അവൻ / അവരാരായിരുന്നു ?

അവരാരായിരുന്നു ?

"ഹരിക്കുട്ടാ...... എത്ര നേരമായി ആ ഫോൺ അടിക്കുന്നു നിനക്കൊന്ന് എഴുന്നേറ്റു നോക്കിക്കൂടെ: അവൻ കട്ടിലിൽ നിന്നും "ഈ അമ്മയ്ക്ക് ഇത് എന്നതാ: ഒരു ഞായറാഴ്ച പോലും സമാധാനമായി ഉറങ്ങാൻ സമ്മതിക്കില്ല"... അവൻ ഛീ: എന്ന പറഞ്ഞ് ചിണുങ്ങിക്കൊണ്ട് എഴുന്നേറ്റു. ഫോൺ എടുത്ത് നോക്കിയപ്പോൾ അഞ്ച് മിസ്സ്ഡ് കോളുകൾ കൂട്ടുകാരൻ അപ്പുവാണ്: "ഇവൻ ഇത് എന്തുവാ രാവിലെ?" അവൻ ആ നമ്പറിലേക്ക് തിരിച്ചു വിളിച്ചു.

"ഹലോ"... അപ്പു ദേഷ്യത്തിലാണ്.

"ആ: പറ"...

"എത്ര നേരമായെടാ നിന്നെ ഞാൻ വിളിക്കുന്നു"... "ഞാൻ ഇവിടെ പള്ളിയിൽ ഉണ്ട്: നീ വണ്ടിയുമായി വന്ന് എന്നെ കൂട്ടിക്കൊണ്ടു പോ"...

"ആ വരാം"... ഹരി മറുപടി പറഞ്ഞു.

അവൻ പതിയെ കട്ടിലിൽ നിന്ന് എണീറ്റു പള്ളിയിലേക്ക് പോകാൻ ഒരുങ്ങി.

"അമ്മേ ഞാൻ ഒരിടം വരെ പോയിട്ടു വരാം"...

"കഴിച്ചിട്ട് പോടാ"... ഓ... വേണ്ട പിന്നെ കഴിച്ചോളാം...

അമ്മ അടുക്കളയിൽ നിന്ന് ഓടി വന്നപ്പോഴേക്കും.
അവൻ ബൈക്കുമായി പാഞ്ഞിരുന്നു.
ബൈക്ക് വന്ന് നിന്നത് പള്ളിമുറ്റത്തായിരുന്നു.
കുർബാന കഴിഞ്ഞ ആളുകൾ വീട്ടിലേക്ക് മടങ്ങുന്നു.
അല്ല വീട്ടിലേക്ക് അല്ല...... എല്ലാവരും പള്ളിയുടെ പുറകിലെ
ഹാളിലേയ്ക്ക് കേറുന്നു. "എന്താണ് എല്ലാവരും അങ്ങോട്ട്
പോവുന്നത്" അവൻ ആലോചിച്ചു. അപ്പോഴാണ്
അജു വന്നത്.
"എടാ"......
"ആ നീ വന്നോ... കേറു പോകാം"......
എടാ ഇന്ന് എന്തോ തിരുനാൾ ആണ്. അവിടെ ഹാളിൽ
നല്ല ചൂടു കഞ്ഞി കൊടുക്കുന്നുണ്ട് നീ വാ നമുക്കും കഴിക്കാം"......
"എനിക്ക് ഒന്നും വേണ്ട കഞ്ഞി...... നീ വേഗം കേറു
എനിക്ക് പോയിട്ടു വേറെ പണിയുള്ളതാണ്"...
"ഓ എന്ത് പണി...... നീ വാ നിനക്ക് വേണ്ടെ നീ
കഞ്ഞി കുടിക്കണ്ട...... അവിടെ വന്ന് വെറുതെ ഇരിക്ക് വാടാ"
അജു അവന്റെ കൈയിൽ പിടിച്ചു വലിച്ചുകൊണ്ട്
പോയി. അവൻ പുറകെ ഒരു മടിയോടെ ചെന്നു.
അവൻ അവിടെ ചെന്ന് ഒരു കസേരയിൽ ഇരുന്നു.
ക്യൂ വളരെ നീണ്ടു പോയിരുന്നു. അവനാ ക്യൂവിലെ

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 950 Participant Code: 102

~~[illegible]~~ ഓരോരുത്തരെയും നോക്കിയിരുന്നു. പെട്ടന്നാണ്
ഒരു കൊച്ചുബാലൻ അവന്റെ ശ്രദ്ധയിൽ പെട്ടത്.
മുഷിഞ്ഞ ഒരു നിക്കറും നിറയെ തുളകൾ ഉള്ള ഒരു ഷർട്ടും.
മുടി വെട്ടാതെ കാട് പോലെ വളർന്ന കണ്ണിൽ വരെ മൂടി
നിൽക്കുന്നു. കണ്ടാൽ തന്നെ അറിയാം ഒരു അഞ്ച്
ദിവസത്തിൽ ഏറെയായി കാണും അവൻ കുളിച്ചിട്ട്.
ചിലപ്പോ..... അതൊന്നുമല്ല ഇവനെ ഞാൻ മുമ്പ്
എവിടെയോ കണ്ടിട്ടുണ്ട്. എവിടെയാണെന്ന് ഓർമയില്ല...
അവൻ മനസ്സിൽ പറഞ്ഞു.... അവൻ വീണ്ടും ഓർക്കാൻ
ശ്രമിച്ചു. "അതെ.— കഴിഞ്ഞ ദിവസം അമ്പലപറമ്പിൽ
അന്നദാനം മേടിക്കാൻ ~~[illegible]~~ ഞാനാണ് അന്ന് അവന്
ചോറ് വിളമ്പി കൊടുത്തത്. അവന് കഴിക്കാവുന്നതിലും
അധികം ചോറ് അവൻ വാങ്ങിയിരുന്നു. ഒരു നാല് പേർക്ക്
കഴിക്കാൻ ഉള്ള അത്രയും" അവൻ മനസ്സിൽ ഓർത്തു.
ഇന്ന് അവൻ ഇവിടെയും വന്നിരിക്കുന്നു. ഹരിക്ക്
മനസ്സിൽ എന്തൊക്കെയോ സംശയങ്ങൾ തോന്നി.. അവൻ
നോക്കിയപ്പോൾ അവൻ ഒരു പാത്രം നിറയെ കഞ്ഞിയുമായി
നടന്നുപോകുന്നു. ഹരി ഒരു കൗതുകത്തിൽ അവന്റെ
പുറകെ നടന്ന പോയി. അവൻ അറിയാതെ തന്നെ.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 950 Participant Code: 102

അവനെ ഹരി പിന്തുടർന്നു. അവൻ എന്തൊക്കെയോ ഇടവഴികളിലൂടെ നടന്നു നീങ്ങി. "ഞാൻ ഇത്രയും നാൾ ഈ നാട്ടിൽ ജീവിച്ചിട്ട് ഈ വഴികളൊന്നും ഇതുവരെയും കണ്ടിട്ടില്ല" അവൻ മനസ്സിൽ പറഞ്ഞു. അവൻ ചെന്നു നിന്നത് ഒരു ചെറിയ കുടിലിനു മുന്നിലായിരുന്നു. നീല പടുതകൊണ്ട് മൂടിയും ഓല മേഞ്ഞതുമുള്ള ഒരു ചെറിയ കുടിൽ. അവൻ അതിന്റെ വതിൽ പതിയെ തുറന്നു. അകത്തേക്ക് കേറി. ഹരി അവിടെ തന്നെ നിന്നു. പല ചോദ്യങ്ങളും അവന്റെ മനസ്സിലൂടെ കടന്നു പോയി. "ഈ ചെറിയ കുട്ടി ഇത്രയും ചെറിയ ഒരു സ്ഥലത്ത് ഒറ്റയ്ക്കാണോ താമസിക്കുന്നത്" അവൻ മനസ്സിൽ ഓർത്തു. അപ്പോളാണ് അകത്തു നിന്നും ചില സംസാരങ്ങൾ കേട്ടത്. "അവൻ ഒറ്റയ്ക്കല്ല അവന്റെ കൂടെ ആരോ ഉണ്ട്. ആരാണ്?" ഹരിയുടെ മനസ്സിൽ ചോദ്യങ്ങളുടെയും സംശയങ്ങളുടെയും ഒരു വേലിയേറ്റം തന്നെയുണ്ടായി. അവൻ രണ്ടും കല്പിച്ച് കുടിലിന് അടുത്തേക്ക് വന്ന് നോക്കി. ഒരു പതിനഞ്ച് വയസ്സ് പ്രായം തോന്നിക്കുന്ന പെൺകുട്ടി അവൾ അവനെ കണ്ടതും പേടിച്ചു വിറക്കാൻ തുടങ്ങി. അവളുടെ ഭാവമാറ്റം കണ്ടാവണം അവൻ തിരിഞ്ഞുനോക്കി. പെട്ടന്നാണ് അവൻ ഹരിയെ കണ്ടത്. ഹരിയെ

കണ്ടതും അവൻ അവിടെയിരുന്ന ഒരു വാക്കത്തിയെടുത്ത്
ആ പെൺകുട്ടിയെ മാറ്റിനിർത്തിയ ശേഷം എന്റെ
മുന്നിലേക്ക് തിരിച്ചുവന്നു. അപ്പോൾ ഹരി ഒന്ന്
പുറകോട്ടു വെച്ചു. നടക്കുന്നത് എന്താണ് എന്ന്
അറിയാൻ കഴിഞ്ഞില്ല അവന്. ഒരു പത്ത് വയസ്സുകാരന്റെ
ധൈര്യമായിരുന്നില്ല ആ കണ്ണുകളിൽ. ആ പെൺകുട്ടിക്ക്
വേണ്ടി അവൻ ആരെയും നശിപ്പിക്കും..

"ഇനിയും എന്റെ ചേച്ചിയെ നശിപ്പിക്കാനാണോ
നിന്റെയൊക്കെ ഭാവം. ഞാൻ അതിന് സമ്മതിക്കില്ല
എല്ലാവരെയും ഞാൻ കൊല്ലും"...... അവൻ ദേഷ്യത്തോടെ
പറഞ്ഞു. ഹരിക്ക് ഒന്നും വിശ്വസിക്കാനായില്ല.
കണ്ണിലൊക്കെ ഇരുട്ട് കയറുന്നത് പോലെ അവന് തോന്നി.
അവൻ അവിടെ നിന്നും ഓടി പോയി...

രാത്രി കിടന്നപ്പോൾ ഇന്ന് നടന്ന
സംഭവങ്ങളൊക്കെ ഹരിയുടെ മനസ്സിലേക്ക് ഓടിയെത്തി.
അവന്റെ മനസ്സ് ആകെ കലുഷിതമായിരുന്നു. "എങ്ങനെയാണ്
ആ കുഞ്ഞുങ്ങൾ അവിടെ എത്തിയത്? അവരുടെ
അച്ഛനും അമ്മയും ആരാണ്?" എന്താണ് അവർക്ക്
പറ്റിയത്? അവരാരായിരുന്നു?......

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023

Kozhikode

കേരള സ്കൂൾ കലോത്സവം

Item Code: 950 | Participant Code: 102

എന്നിട്ടും ഉത്തരമില്ലാത്ത ചോദ്യങ്ങൾ ഹരിയുടെ മനസ്സിലിരുന്ന് ആരോ ചോദിച്ചുകൊണ്ടേയിരുന്നു.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)